**GAZETTE DATE : 15.12.2025**
**LAST DATE : 14.01.2026**

# CATEGORY NO: 588/2025

## FIRST N.C.A. NOTIFICATION

Applications are invited online only by '**One Time Registration**' in the official website of the Kerala Public Service Commission, exclusively from qualified candidates belonging to reservation group of community of Kerala State viz. Ezhava/ Thiyya/ Billava for selection to the under mentioned post in Kerala Government Service.

| | | | |
|---|---|---|---|
| 1. | **Department** | : | **General Education** |
| 2. | **Name of Post** | : | **High School Teacher (Social Science) Tamil Medium** |
| 3. | **Scale of pay** | : | **₹ 41,300 – 87,000/-** |
| 4. | **No. of vacancies** | : | **District wise** |

| Category No | Community | District | Vacancy |
|---|---|---|---|
| 588/2025 | Ezhava/ Thiyya/ Billava | Idukki | 01 (One) |

***Note***:-

i. Candidates shall apply online only by One Time Registration to www.keralapsc.gov.in. Applications submitted in any other manner will be summarily rejected.

ii. Application submitted by candidates belonging to the community other than Ezhava/ Thiyya/ Billava will be summarily rejected. No rejection memo will be issued.

iii. A Ranked List will be prepared for Idukki District for the Ezhava/ Thiyya/ Billava reservation community, in pursuance of this notification. Ranked List thus prepared and published as per this notification shall remain in force until candidates are advised and appointed against the vacancies earmarked for Ezhava/ Thiyya/ Billava community for Idukki District, but remain unfilled due to paucity of candidates during the currency of the Mother Ranked List published for the post as specified below.

| Name of District | Date of Publication of Ranked List | Category Number |
|---|---|---|
| Idukki | 02.04.2025 | 704/2023 |

iv. Candidates belonging to above reservation community shall submit application for the post to the above district, where the vacancy is existing and should note the name of the district against the relevant column of the online application.

v. The selection in pursuance of this notification will be made on a revenue district basis, subject to the special conditions laid down in G.O.(M.S.) No. 154/71/P.D. dated 27.05.1971. A candidate advised for appointment in one revenue district from the Ranked List prepared is not eligible for transfer to another district unless he/ she completes five years continuous service from the date of commencement of service in the former district. Even if transfer is allowed after five years, it will be subject to the rules in G.O.(P.) No. 36/91/P.&A.R.D. dated 02.12.1991. Candidates already in Government service holding the same post in any one district are prohibited from applying again for this post, but they can apply to higher posts when notified.

5. **Method of appointment** : **Direct Recruitment** (From candidates belonging to Ezhava/ Thiyya/ Billava community only).

6. **Age Limit** : **18-43**. Only candidates born between 02.01.1982 and 01.01.2007 (both dates included) are eligible to apply for this post.

(Including the age relaxation as per para 2 (i) of the General Conditions.)

**Note :** For concessions allowed in upper age limit, subject to the condition that the maximum age limit shall in no case exceed 50 (Fifty) years, please see para 2 of the General Conditions under Part II of this Notification [Except para 2(i)].

7. **Qualifications:**

1. A Degree in the concerned subject and B. Ed./ B.T. in the concerned subject both conferred or recognized by the Universities in Kerala. (Concerned subjects are specified in Note ii below.)

2. Must have passed the Kerala Teacher Eligibility Test (K-TET Category III) for this post conducted by the Government of Kerala.

**Note:** The Degree/ Diploma awarded by U.G.C. approved Universities or Institutions established through an act passed by Parliament/ State Legislative Assembly in accordance with the conditions laid down in G.O.(M.S.) No. 526/P.D. dated 17.07.1965 are acceptable for appointment in Government Services.

(Link)
https://www.keralapsc.gov.in/sites/default/files/inline-files/circular_12_18_1.pdf

**Exemption:**

i. Candidates who have qualified C-TET/ NET/ SET/ M. Phil./ Ph. D. in the respective subjects/ M. Ed. in any subject are exempted from acquiring K-TET [G.O.(P.) No. 145/16/G.Edn. Dated 30.08.2016, G.O.(P.) No. 206/16/G.Edn. Dated 08.12.2016 and G.O.(P.) No. 15/2020/G.Edn. Dated 09.10.2020].

ii. C-TET (Primary stage and Elementary stage) qualification shall not be considered as an alternative qualification for K-TET Category III [G.O.(P.) No. 6/2024/G.Edn. Dated 01.02.2024].

3. i Must have passed S.S.L.C./ Plus Two/ Pre-Degree with Tamil as I or II Language.

OR

ii. A pass in Degree or Post Graduation in Tamil Language.

In the absence of the qualifications referred in (i) & (ii) above, its equivalent shall also be considered [G.O.(P.) No. 166/16/G.Edn. Dated 30.09.2016].

(Link)
EQUIVALENT / HIGHER QUALIFICATION

**Note:**

i. M. Phil. in the concerned subject be the one awarded by any of the Universities in Kerala or recognized as equivalent by any of the Universities in Kerala.

ii. The applicant should have taken History or Economics or Geography or Politics or Philosophy or Sociology as main subject for Graduation. The candidates who possess B. Ed. Degree in Social Science after obtaining a degree in Commerce or Music before 21.09.2022 are also eligible to apply for the post [G.O.(M.S.) No. 234/2022/G.Edn. dated 19.12.2022].

iii. Diploma in Rural Service awarded by the National Council for Rural Higher Education will also be treated as equivalent to Degree for the above purpose.

iv. The candidates who have acquired B.A. Ed. Integrated Course (Social Studies, English) conducted by the Regional Institute of Education in Mysore are also eligible to apply for the post [G.O.(Rt.) No. 2135/2019/G.Edn. dtd 04.06.2019].

v. Post Graduates in concerned subject with B. Ed./ B.T. in the concerned subject are also eligible to apply for the post.

vi. The following qualifications are also acceptable for appoinment to the post of High School Teacher (Social Science).

a. B.A. Degree in Islamic History and Urdu Double Main and B. Ed. in Social Studies.

OR

b. B.A. Degree in Islamic History (Main), General Economics and Indian History (Subsidiaries) and B. Ed. in History.

OR

c. B.A. Degree in Islamic History and Arabic Main and B. Ed. in History.

[a, b & c above as per G.O.(M.S.) No. 254/90/G.Edn. dated 05.12.1990.]

OR

d. B.A. Degree in Islamic History (Main), General Economics and Political Science (Subsidiaries) and B. Ed. in History [G.O.(M.S.) No. 21/94/G.Edn. dated 21.02.1994].

OR

e. B.A. (Islamic History and Arabic Main) and B. Ed. (Social Studies).

OR

f. B.A. Islamic History (Main), Indian History and Political Science (Subsidiaries) and B. Ed. (History) or B. Ed. (Social Studies).

OR

g. B.A. Islamic History (Main), Political Science and General Economics (Subsidiaries) and B. Ed. (Social Studies).

OR

h. B.A. Islamic History (Main), Outlines of Indian Culture and Freedom Movement and Political Science (Subsidiaries) and B. Ed. (Social Studies).

[e, f, g & h above as per G.O.(M.S.) No. 327/2001/G.Edn. dated 07.11.2001.]

i. B.A. Islamic History (Main), Linguistics and Indian History (Subsidiaries) and B. Ed. (Social Science) [as per G.O.(M.S.) No. 97/2024/G.Edn. dated 08.08.2024].

vii. Candidates applying to the post should have sufficient knowledge in Tamil which will be tested at the time of interview. If there is a Written (Descriptive/ OMR) Test, Question papers for the Written test will be in Tamil. The candidates should answer the questions in Tamil. In case of OMR answer script, answers are to be marked as instructed.

viii. The disciplines in which graduation and post graduation were obtained should be mentioned in the application.

ix. Rule 10(a) ii of Part II of K.S.&S.S.R. is applicable for this post.

In addition to the qualifications prescribed in this notification, the qualifications recognized by Executive/ Standing Orders of Government as equivalent to the qualifications specified for a post, in the Special Rules and such of those qualifications which pre-suppose the acquisition of the lower qualification prescribed for the post, shall also be sufficient for the post. The copy of Government Orders declaring equivalent/ higher qualifications shall be produced as and when called for by the Commission.

## 8. SPECIAL CONCESSIONS REGARDING APPOINTMENT AND AGE LIMIT

i. Preference will be given as laid down in G.O.(M.S.) No. 50/70/P.D. dated 12.02.1970 and G.O.(M.S.) No. 9/78/G.Edn. dated 21.01.1978 to the wives of Jawans in the matter of recruitment as Teachers, if they possess the prescribed qualifications. Soldiers in active service and those working in Base Establishment are included under the term 'Jawans'. Wives of Jawans should note in the application that they are wives of Jawans. Such candidates should obtain proper certificates from the Commanding Officer stating the name, military rank and military address of their husbands and produce the same as and when required by the Commission [G.O.(M.S.) No. 509/64/Edn. dated 19.09.1964, G.O.(M.S.) No. 614/65/Edn. dated 09.11.1965 and G.O.(M.S.) No. 243/66/Edn. dated 27.05.1966].

ii. First Class Scouts and Guides will be given preference in the matter of appointment as Teachers [G.O.(M.S.) No. 122/75/G.Edn. dated 27.05.1975, G.O.(M.S.) No. 50/70/P.D. dated 12/2/1970].

iii. Teachers of the Government Primary and Nursery Schools who are graduates and are otherwise qualified will be exempted from upper age limit [G.O.(M.S.) No. 185/70/Edn. dated 18.04.1970 and G.O.(M.S.) No. 466/70/Edn. dated 11.11.1970]. They should produce proper certificates from authorities concerned as and when required by the Commission.

Note: The candidates who are eligible for the above preferences or concessions in upper age limit or concessions by virtue of any of the reason mentioned in Para 2 of the General Condition should claim the same through the “weightage and preferences” link provided in their One Time Registration Profile and give details in the space provided. The applications of candidates who are eligible for concession in upper age limit and who do not claim the same, are liable to be rejected presuming that they are over aged candidates. Upper age limit after allowing the relaxation as per rule should not exceed 50 years of age (see para 2 of General Conditions).

## 9. Mode of submitting Application:

a. Candidates must register as per “ONE TIME REGISTRATION” with the Official Website of Kerala Public Service Commission 'www.keralapsc.gov.in' before applying for the post. Candidates who have registered can apply by logging on to their profile using their user ID and password. Candidates must click on the **`Apply Now'** button of the respective posts in the Notification Link to apply for a post. **Candidates creating new profile should upload the photograph taken within 6 months from the date of their registration**. Name of the candidate and the date of photograph taken should be printed legibly at the bottom portion. The photograph once uploaded meeting all requirements shall be valid for 10 years from the date of taking of the photograph. There is no change in other instructions regarding the uploading of photographs. No application fee is required. Candidates are responsible for the correctness of the personal information and secrecy of password. Before the final submission of the application on the profile, candidates must ensure correctness of the information in their profile. They must quote the User ID for further communication with the Commission. Application submitted

is provisional and cannot be deleted or altered after submission. **Candidates are advised to keep a printout or soft copy of the online application for future reference. Candidates can take the printout of the application by clicking on the link 'My applications' in their profile. All correspondences with the Commission, regarding the application should be accompanied with the print out of the application.** Application will be summarily rejected if non-compliance with the notification is found in due course of processing. Original documents to prove qualification, community, age etc. have to be produced as and when called for.

b. **Candidates who have AADHAAR card should add AADHAAR card as ID Proof in their profile.**

10. **Last Date for receipt of applications : 14.01.2026, Wednesday** up to 12.00 Midnight.

11. **Website to which applications are to be submitted:** www.keralapsc.gov.in

12. If Written/ O.M.R./ Online Test is conducted as part of this selection, candidates shall submit a confirmation for writing the examination through their One Time Registration profile. Such candidates alone can generate and download the Admission Tickets in the last 15 days till the date of Test. The applications of candidates who do not submit confirmation within the stipulated period, will be rejected absolutely. The periods regarding the submission of confirmation and the availability of Admission Tickets will be published in the Examination Programme itself. Information in this regard will be given to the candidates in their respective profiles and in the mobile phone numbers registered in it. Candidates who have downloaded the Admission Ticket will alone be permitted to attend the examination.

13. **Special Instructions to Candidates:**

i. In the case of difference in Caste/ Community claimed in the application and that entered in SSLC Book, the candidate shall produce a gazette notification in this regard, along with Non-Creamy Layer Certificate at the time of Certificate Verification.

ii. Candidates are required to acquaint themselves with the instructions given in the notification as Part II, General Conditions before submitting application for the post. Applications which are not submitted in accordance with the terms and conditions laid down in the General Conditions are liable to be rejected.

iii. Appropriate disciplinary action as per Rule 22 of the Kerala Public Service Commission Rules of Procedure 1976, shall be initiated against those candidates who submit applications with bogus claims of qualification regarding education, experience etc. and are liable to be disqualified for being considered for a particular post or debarment from applying to the Commission either permanently or for any period or the invalidation of their answer scripts or products in a Written/ Practical test or the initiation of criminal or other proceedings against them or their removal or dismissal from office or the ordering of any other disciplinary action against them if they have already been appointed, or any one or more of the above.

[For further details including photo, ID Proof etc. please see the General Conditions given in Part II of this Notification.]

**SAJU GEORGE**
**SECRETARY**
**KERALA PUBLIC SERVICE COMMISSION**

## കാറ്റഗറി നമ്പർ : 588/2025

### ഒന്നാം എൻ. സി. എ. വിജ്ഞാപനം

കേരള സർക്കാർ സർവ്വീസിൽ താഴെപ്പറയുന്ന തസ്തികയ്ക്ക് തെരഞ്ഞെടുക്കപ്പെടുന്നതിന് കേരള സംസ്ഥാനത്തിലെ ഈഴവ/ തിയ്യ/ ബില്ലവ സംവരണ സമുദായത്തിൽപ്പെട്ട യോഗ്യതയുള്ള ഉദ്യോഗാർത്ഥികളിൽ നിന്നു മാത്രമായി കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഔദ്യോഗിക വെബ്സൈറ്റിലൂടെ **"ഒറ്റത്തവണ രജിസ്ട്രേഷൻ"** പ്രകാരം ഓൺലൈനായി മാത്രം അപേക്ഷകൾ ക്ഷണിക്കുന്നു.

1. വകുപ്പ് : **പൊതു വിദ്യാഭ്യാസം**
2. ഉദ്യോഗപ്പേര് : **ഹൈസ്കൂൾ ടീച്ചർ (സോഷ്യൽ സയൻസ്) തമിഴ് മാധ്യമം**
3. ശമ്പളം : **₹ 41,300 – 87,000/–**
4. ഒഴിവുകളുടെ എണ്ണം : **ജില്ലാടിസ്ഥാനത്തിൽ**

| കാറ്റഗറി നമ്പർ | സമുദായം | ജില്ല | ഒഴിവ് |
|---|---|---|---|
| 588/2025 | ഈഴവ/ തിയ്യ/ ബില്ലവ | ഇടുക്കി | 01 (ഒന്ന്) |

**കുറിപ്പ്**

i. അപേക്ഷകൾ കമ്മീഷന്റെ വെബ്സൈറ്റായ www.keralapsc.gov.in വഴി ഒറ്റത്തവണ രജിസ്ട്രേഷൻ പ്രകാരം ഓൺലൈനായി മാത്രം സമർപ്പിക്കേണ്ടതാണ്. അല്ലാതെയുള്ള അപേക്ഷകൾ നിരുപാധികം നിരസിക്കുന്നതാണ്.

ii. ഈഴവ/ തിയ്യ/ ബില്ലവ സംവരണ സമുദായത്തിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ യാതൊരറിയിപ്പും കൂടാതെ നിരസിക്കുന്നതാണ്. അങ്ങനെയുള്ളവർക്ക് നിരസന മെമ്മോ അയയ്ക്കുന്നതല്ല.

iii. ഈ വിജ്ഞാപന പ്രകാരം ഇടുക്കി ജില്ലയിലേയ്ക്ക് ഈഴവ/ തിയ്യ/ ബില്ലവ സംവരണ സമുദായത്തിനായി പ്രത്യേകം റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതാണ്. ഇപ്രകാരം തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റ് നിലവിൽ വരുന്ന തീയതി മുതൽ ഈ തസ്തികയ്ക്ക് താഴെപ്പറയുന്ന തീയതിയിൽ പ്രസിദ്ധീകരിച്ച മാതൃറാങ്ക് ലിസ്റ്റിന്റെ കാലയളവിൽ ഈഴവ/ തിയ്യ/ ബില്ലവ സമുദായത്തിനു വേണ്ടി ഇടുക്കി ജില്ലയിൽ നീക്കിവെച്ചിട്ടുള്ളതും എന്നാൽ ഈഴവ/ തിയ്യ/ ബില്ലവ സമുദായത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളുടെ അഭാവത്താൽ നികത്തപ്പെടാത്ത ഒഴിവുകളിലേയ്ക്കും ഉദ്യോഗാർത്ഥികളെ നിയമനശിപാർശ ചെയ്തു നിയമനം നടത്തുന്നത് വരെ നിലവിലിരിക്കുന്നതാണ്.

| ജില്ലയുടെ പേര് | റാങ്ക് ലിസ്റ്റ് പ്രസിദ്ധപ്പെടുത്തിയ തീയതി | കാറ്റഗറി നമ്പർ |
|---|---|---|
| ഇടുക്കി | 02.04.2025 | 704/2023 |

iv. ഈ വിജ്ഞാപന പ്രകാരം ഈ തസ്തികയിലേയ്ക്ക് അപേക്ഷിക്കുന്ന ഉദ്യോഗാർത്ഥികൾ തങ്ങളുടെ സംവരണസമുദായ ഒഴിവ് രേഖപ്പെടുത്തിയിട്ടുള്ള ഇടുക്കി ജില്ലയിലേക്ക് മാത്രം അപേക്ഷിക്കേണ്ടതും ജില്ലയുടെ പേര് ഓൺലൈൻ അപേക്ഷാഫോറത്തിൽ നിർദ്ദിഷ്ട കോളത്തിൽ രേഖപ്പെടുത്തേണ്ടതുമാണ്.

v. ഈ വിജ്ഞാപനപ്രകാരമുള്ള തെരഞ്ഞെടുപ്പ് ജില്ലാടിസ്ഥാനത്തിൽ 27.05.1971 ലെ G.O.(M.S.) No. 154/71/P.D. യിലെ പ്രത്യേക വ്യവസ്ഥകൾക്കനുസൃതമായി നടത്തുന്നതാണ്. ജില്ലാടിസ്ഥാനത്തിൽ തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിൽ നിന്ന് നിയമനം ലഭിക്കുന്ന ഒരാളിന് സർവീസ് ആരംഭിക്കുന്ന തീയതി മുതൽ തുടർച്ചയായി അഞ്ചുവർഷക്കാലത്തിനിടയ്ക്ക് മറ്റേതെങ്കിലും ഒരു ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുന്നതല്ല. അഞ്ചുവർഷത്തിനു ശേഷം മറ്റേതെങ്കിലും ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുകയാണെങ്കിൽ ആ മാറ്റം 02.12.1991 ലെ G.O.(P.) No. 36/91/P.&A.R.D. യിലെ വ്യവസ്ഥകൾക്കു വിധേയമായിരിക്കുന്നതാണ്. ഇപ്പോൾ സർക്കാർ സർവ്വീസിൽ ഇതേ ഉദ്യോഗത്തിൽ ഏതെങ്കിലും ഒരു ജില്ലയിൽ ഇരിക്കുന്നവർക്ക് ഈ വിജ്ഞാപനപ്രകാരം അപേക്ഷകൾ സമർപ്പിക്കുവാൻ അർഹതയില്ല. എന്നാൽ ഇതിലും ഉയർന്ന ഉദ്യോഗത്തിന് അപേക്ഷ ക്ഷണിക്കപ്പെടുമ്പോൾ അപേക്ഷിക്കാവുന്നതാണ്.

5. **നിയമനരീതി** : **നേരിട്ടുള്ള നിയമനം** [ഈഴവ/ തിയ്യ/ ബില്ലവ സമുദായത്തിൽപ്പെടുന്ന ഉദ്യോഗാർത്ഥികളിൽ നിന്നു മാത്രം].

6. **പ്രായപരിധി** : **18–43.** ഉദ്യോഗാർത്ഥികൾ 02.01.1982 നും 01.01.2007 നും ഇടയിൽ ജനിച്ചവരായിരിക്കണം (രണ്ടു തീയതികളും ഉൾപ്പെടെ).
[പൊതുവ്യവസ്ഥകളിലെ ഖണ്ഡിക 2 (i) പ്രകാരമുള്ള വയസ്സിളവ് ഉൾപ്പെടെ.]

**കുറിപ്പ്:** യാതൊരു കാരണവശാലും ഉയർന്ന പ്രായപരിധി 50 (അൻപത്) വയസ്സ് കവിയാൻ പാടില്ല എന്ന വ്യവസ്ഥയ്ക്ക് വിധേയമായി ഉയർന്ന പ്രായപരിധിയിൽ അനുവദിച്ചിട്ടുള്ള പ്രത്യേക ആനുകൂല്യങ്ങൾക്ക് ഈ വിജ്ഞാപനത്തിന്റെ പാർട്ട് II, പൊതുവ്യവസ്ഥകളിലെ ഖണ്ഡിക 2 നോക്കുക [ഖണ്ഡിക 2 (i) ഒഴികെ].

7. **യോഗ്യതകൾ :**

1. ബന്ധപ്പെട്ട വിഷയത്തിൽ കേരളത്തിലെ സർവ്വകലാശാലകൾ നൽകിയിട്ടുള്ളതോ അംഗീകരിച്ചിട്ടുള്ളതോ ആയ ബിരുദവും ബന്ധപ്പെട്ട വിഷയത്തിൽ തന്നെയുള്ള ബി. എഡ്./ ബി.ടി. ബിരുദവും (ബന്ധപ്പെട്ട ബിരുദ വിഷയങ്ങൾ ഏതെല്ലാമെന്ന് താഴെ കുറിപ്പ് (ii) ൽ നൽകിയിരിക്കുന്നത് നോക്കുക).

2. കേരള സർക്കാർ ഈ തസ്തികയ്ക്കായി നടത്തുന്ന കേരള ടീച്ചർ എലിജിബിലിറ്റി ടെസ്റ്റ് (കെ-ടെറ്റ് കാറ്റഗറി III) പാസായിരിക്കണം.

**കുറിപ്പ്:** 17.07.1965-ലെ G.O.(M.S.) No. 526/P.D. യിലെ വ്യവസ്ഥകൾ പ്രകാരം പാർലമെന്റ്/ സംസ്ഥാന നിയമസഭകൾ ഇവയിലേതെങ്കിലും പാസാക്കിയ നിയമപ്രകാരം സ്ഥാപിതമായിട്ടുള്ളതോ യു.ജി.സി. അംഗീകൃതമായിട്ടുള്ളതോ ആയ സർവ്വകലാശാലകൾ നൽകുന്ന ഡിഗ്രികൾ, ഡിപ്ലോമകൾ ഇവ സർക്കാർ സർവ്വീസിലേക്കുള്ള നിയമനങ്ങൾക്ക് സ്വീകാര്യമാണ്.

(Link)
https://www.keralapsc.gov.in/sites/default/files/inline-files/circular_12_18_1.pdf

**ഇളവ്:**

i. ബന്ധപ്പെട്ട വിഷയത്തിൽ തന്നെ സി-ടെറ്റ്/ നെറ്റ്/ സെറ്റ്/ എം. ഫിൽ./ പിഎച്ച്.ഡി./ ഏതെങ്കിലും വിഷയത്തിൽ എം. എഡ്. യോഗ്യത നേടിയിട്ടുള്ള ഉദ്യോഗാർത്ഥികളെ കെ-ടെറ്റ് യോഗ്യത നേടിയിരിക്കണം എന്ന വ്യവസ്ഥയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട് [G.O.(P.) No. 145/16/G.Edn. തീയതി 30.08.2016, G.O.(P.) No. 206/16/G.Edn. തീയതി 08.12.2016, G.O.(P.) No. 15/2020/G.Edn. തീയതി 09.10.2020].

ii. കെ-ടെറ്റ് കാറ്റഗറി III യ്ക്ക് പകരമായി സി-ടെറ്റ് (പ്രൈമറി സ്റ്റേജ് & എലമെന്ററി സ്റ്റേജ്) യോഗ്യത സ്വീകരിക്കുന്നതല്ല [G.O.(P.) No. 6/2024/G.Edn. തീയതി 01.02.2024].

3. i. തമിഴ് ഒന്നാം ഭാഷയായോ രണ്ടാം ഭാഷയായോ പഠിച്ച് എസ്.എസ്.എൽ.സി./ പ്ലസ് ടു/ പ്രീഡിഗ്രി പരീക്ഷ പാസ്സായിരിക്കണം.

അല്ലെങ്കിൽ

ii. തമിഴ് ഭാഷയിലുള്ള ബിരുദം അല്ലെങ്കിൽ ബിരുദാനന്തര ബിരുദം നേടിയിരിക്കണം.
[മുകളിൽ (i), (ii) എന്നിവയിൽ പരാമർശിച്ചിട്ടുള്ള യോഗ്യതകളുടെ അഭാവത്തിൽ അവയുടെ തത്തുല്യ യോഗ്യതകളും പരിഗണിക്കുന്നതാണ് (G.O.(P.) No. 166/16/G.Edn. തീയതി 30.09.2016).]

(Link)
EQUIVALENT / HIGHER QUALIFICATION

**കുറിപ്പ്:**

i. ബന്ധപ്പെട്ട വിഷയത്തിൽ നേടിയിട്ടുള്ള എം. ഫിൽ. യോഗ്യത കേരളത്തിലെ ഏതെങ്കിലും ഒരു അംഗീകൃത സർവ്വകലാശാലയിൽ നിന്നുള്ളതോ കേരളത്തിലെ ഏതെങ്കിലും ഒരു അംഗീകൃത സർവ്വകലാശാല തത്തുല്യമായി അംഗീകരിച്ചതോ ആയിരിക്കണം.

ii. ഹിസ്റ്ററി, ഇക്കണോമിക്സ്, ജ്യോഗ്രഫി, പൊളിറ്റിക്സ്, ഫിലോസഫി, സോഷ്യോളജി ഇവയിലേതെങ്കിലും ഐച്ഛിക വിഷയമായെടുത്ത് ബിരുദം സമ്പാദിച്ചിരിക്കണം. 21.09.2022 ന് മുൻപ് കൊമേഴ്സ്, മ്യൂസിക് എന്നീ വിഷയങ്ങളിൽ ബിരുദം നേടിയതിനുശേഷം സോഷ്യൽ സയൻസ് ബി. എഡ്. നേടിയവർക്കും അപേക്ഷിക്കാവുന്നതാണ് [G.O.(M.S.) No. 234/2022/G. Edn. തീയതി 19.12.2022].

iii. റൂറൽ ഉന്നത വിദ്യാഭ്യാസ നാഷണൽ കൗൺസിൽ നൽകിയിട്ടുള്ള റൂറൽ സർവ്വീസ് ഡിപ്ലോമയും ഡിഗ്രിക്ക് തുല്യമായി ഈ തസ്തികയ്ക്ക് പരിഗണിക്കുന്നതാണ്.

iv. മൈസൂരിലെ റീജിയണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഡ്യൂക്കേഷൻ നൽകുന്ന ബി.എ. എഡ്. (സോഷ്യൽ സ്റ്റഡീസ്, ഇംഗ്ലീഷ്) ഇന്റഗ്രേറ്റഡ് കോഴ്സ് നേടിയവർക്കും ഈ തസ്തികയിലേയ്ക്ക് അപേക്ഷിയ്ക്കാവുന്നതാണ് [G.O.(Rt.) No. 2135/2019/G. Edn. തീയതി 04.06.2019].

v. ബന്ധപ്പെട്ട വിഷയത്തിൽ ബിരുദാനന്തര ബിരുദം നേടിയിട്ടുള്ളവർക്കും ബന്ധപ്പെട്ട വിഷയത്തിൽ തന്നെ ബി. എഡ്./ ബി. ടി. യോഗ്യതയുള്ള പക്ഷം ഈ തസ്തികയ്ക്ക് അപേക്ഷിയ്ക്കാവുന്നതാണ്.

vi. ഹൈസ്കൂൾ ടീച്ചർ (സോഷ്യൽ സയൻസ്) തസ്തികയിലെ നിയമനത്തിന് താഴെ പറയുന്ന യോഗ്യതകളും സ്വീകാര്യമാണ്.

a. ഇസ്ലാമിക് ഹിസ്റ്ററി, ഉറുദു എന്നിവ ഡബിൾ മെയിനായുള്ള ബി.എ. ഡിഗ്രിയും, സോഷ്യൽ സ്റ്റഡീസിലുള്ള ബി. എഡ്. യോഗ്യതയും.

അല്ലെങ്കിൽ

b. ഇസ്ലാമിക് ഹിസ്റ്ററി മെയിൻ ആയും ജനറൽ ഇക്കണോമിക്സും ഇൻഡ്യൻ ഹിസ്റ്ററിയും സബ്സിഡിയറിയായും ഉള്ള ബി.എ. ഡിഗ്രിയും ഹിസ്റ്ററിയിലുള്ള ബി. എഡ്. യോഗ്യതയും.

അല്ലെങ്കിൽ

c. ഇസ്ലാമിക് ഹിസ്റ്ററിയും അറബിയും മെയിനായുള്ള ബി.എ. ഡിഗ്രിയും ഹിസ്റ്ററിയിലുള്ള ബി. എഡ്. യോഗ്യതയും.
(മുകളിൽ a, b, c എന്നിവ G.O.(M.S.) No. 254/90/G.Edn. തീയതി 05.12.1990 പ്രകാരം.)

അല്ലെങ്കിൽ

d. ഇസ്ലാമിക് ഹിസ്റ്ററി മെയിൻ ആയും ജനറൽ ഇക്കണോമിക്സും പൊളിറ്റിക്കൽ സയൻസും സബ്സിഡിയറിയായും ഉള്ള ബി.എ. ഡിഗ്രിയും ഹിസ്റ്ററിയിലുള്ള ബി. എഡ്. യോഗ്യതയും [G.O.(M.S.) No. 21/94/G.Edn. തീയതി 21.02.1994].

അല്ലെങ്കിൽ

e. ഇസ്ലാമിക് ഹിസ്റ്ററിയും അറബിയും മെയിനായുള്ള ബി.എ. ഡിഗ്രിയും സോഷ്യൽ സ്റ്റഡീസിലുള്ള ബി. എഡ്. യോഗ്യതയും.

അല്ലെങ്കിൽ

f. ഇസ്ലാമിക് ഹിസ്റ്ററി മെയിൻ ആയും ഇൻഡ്യൻ ഹിസ്റ്ററിയും പൊളിറ്റിക്കൽ സയൻസും സബ്സിഡിയറിയായും ഉള്ള ബി.എ. ഡിഗ്രിയും ഹിസ്റ്ററിയിലോ സോഷ്യൽ സ്റ്റഡീസിലോ ഉള്ള ബി. എഡ്. യോഗ്യതയും.

അല്ലെങ്കിൽ

g. ഇസ്ലാമിക് ഹിസ്റ്ററി മെയിൻ ആയും പൊളിറ്റിക്കൽ സയൻസും ജനറൽ ഇക്കണോമിക്സും സബ്സിഡിയറിയായും ഉള്ള ബി.എ. ഡിഗ്രിയും സോഷ്യൽ സ്റ്റഡീസിലുള്ള ബി. എഡ്. യോഗ്യതയും.

അല്ലെങ്കിൽ

h. ഇസ്ലാമിക് ഹിസ്റ്ററി മെയിൻ ആയും ഔട്ട്ലൈൻസ് ഓഫ് ഇൻഡ്യൻ കൾച്ചർ ആന്റ് ഫ്രീഡം മൂവ്മെന്റും പൊളിറ്റിക്കൽ സയൻസും സബ്സിഡിയറിയായും ഉള്ള ബി.എ. ഡിഗ്രിയും സോഷ്യൽ സ്റ്റഡീസിലുള്ള ബി. എഡ്. യോഗ്യതയും.
[മുകളിൽ e, f, g, h എന്നിവ G.O.(M.S.) No. 327/2001/G.Edn തീയതി 07.11.2001 പ്രകാരം.]

i. ഇസ്ലാമിക് ഹിസ്റ്ററി മെയിൻ ആയും ലിംഗ്വിസ്റ്റിക്സ്, ഇന്ത്യൻ ഹിസ്റ്ററി എന്നിവ സബ്സിഡിയറിയായും ഉള്ള ബി.എ. ഡിഗ്രിയും സോഷ്യൽ സയൻസിലുള്ള ബി. എഡ്. യോഗ്യതയും [G.O.(M.S.) No. 97/2024/G.Edn. തീയതി 08.08.2024 പ്രകാരം].

vii. ഈ തസ്തികയ്ക്ക് അപേക്ഷിക്കുന്ന ഉദ്യോഗാർത്ഥികൾക്ക് തമിഴിൽ വേണ്ടത്ര പരിജ്ഞാനം ഉണ്ടായിരിക്കേണ്ടതും ആയത് ഇന്റർവ്യൂ സമയത്ത് പരിശോധിക്കുന്നതുമാണ്. എഴുത്ത് പരീക്ഷ ഉണ്ടെങ്കിൽ (വിവരണാത്മക/ OMR) ചോദ്യക്കടലാസ് തമിഴിൽ ആയിരിക്കും. ഉത്തരങ്ങളും തമിഴിൽ തന്നെ എഴുതേണ്ടതാണ്. OMR ഉത്തരക്കടലാസ് സംബന്ധിച്ച ഉത്തരങ്ങൾ എഴുതുന്നതിനുപകരം നിർദേശിക്കുന്ന പ്രകാരം അടയാളപ്പെടുത്തേണ്ടതാണ്.

viii. ബിരുദത്തിന്/ ബിരുദാനന്തര ബിരുദത്തിന് ഐച്ഛികമായി പഠിച്ച വിഷയവും ഏതു വിഷയത്തിലാണ് ബി. എഡ്./ ബി.ടി. ലഭിച്ചിട്ടുള്ളതെന്നും അപേക്ഷയിൽ രേഖപ്പെടുത്തിയിരിക്കണം.

ix. കെ.എസ്. & എസ്. എസ്. ആർ. പാർട്ട് II റൂൾ 10(a) ii ഈ തസ്തികയ്ക്ക് ബാധകമായിരിക്കും.

ഈ വിജ്ഞാപനത്തിൽ നിഷ്കർഷിച്ചിട്ടുള്ള യോഗ്യതകൾക്ക് പുറമേ എക്സിക്യൂട്ടീവ് ഉത്തരവുകൾ മുഖേനയോ സ്റ്റാൻഡിംഗ് ഉത്തരവുകൾ മുഖേനയോ വിശേഷാൽ ചട്ടങ്ങളിലെ നിശ്ചിത വിദ്യാഭ്യാസ യോഗ്യതയ്ക്ക് തത്തുല്യമായി സർക്കാർ പ്രഖ്യാപിക്കുന്ന യോഗ്യതകളും വിശേഷാൽ ചട്ടപ്രകാരമുള്ള നിർ ദ്ദിഷ്ട യോഗ്യതകൾ അടിസ്ഥാന യോഗ്യതയായിട്ടുള്ള ഉയർന്ന യോഗ്യതകളും സ്വീകരിക്കുന്നതാണ്. തത്തുല്യ യോഗ്യത/ ഉയർന്ന യോഗ്യത സംബന്ധിച്ച സർക്കാർ ഉത്തരവുകൾ കമ്മീഷൻ ആവശ്യപ്പെടുന്ന സമയത്ത് ഹാജരാക്കേണ്ടതാണ്.

8. <u>പ്രായപരിധി, നിയമനം ഇവ സംബന്ധിച്ച പ്രത്യേക ആനുകൂല്യങ്ങൾ:</u>

i. നിശ്ചിത യോഗ്യതയുള്ള ജവാൻമാരുടെ ഭാര്യമാർക്ക് ഉദ്യോഗ നിയമനക്കാര്യത്തിൽ സാമുദായിക സംവരണ നിയമങ്ങൾക്ക് വിധേയമായി 12.02.1970 ലെ G.O.(M.S.) No. 50/70/P.D., 21.01.1978 ലെ G.O.(M.S.) No. 9/78/G.Edn. എന്നിവ അനുസരിച്ച് മുൻഗണന നൽകുന്നതാണ്. അങ്ങനെയുള്ളവർ ഭർത്താവിന്റെ പേര്, മിലിട്ടറി റാങ്ക്, മിലിട്ടറി അഡ്രസ് മുതലായ സൈനിക സേവനവിവരങ്ങൾ ഉൾപ്പെടുന്ന സർട്ടിഫിക്കറ്റ് ബന്ധപ്പെട്ട കമാന്റിംഗ് ആഫീസറുടെ പക്കൽ നിന്നും നേടിയത് കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കേണ്ടതുമാണ്. സേവന രംഗത്തുള്ള പട്ടാളക്കാരെയും ബേസ് എസ്റ്റാബ്ളിഷ്മെന്റിൽ പ്രവർത്തിക്കുന്നവരെയുമാണ് ജവാൻമാരുടെ പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നത് [G.O.(M.S.) No. 509/64/Edn. തീയതി 19.09.1964, G.O.(M.S.) No. 614/65/Edn. തീയതി 09.11.1965, G.O.(M.S.) No. 243/66/Edn. തീയതി 27.05.1966].

ii. ഫസ്റ്റ് ക്ലാസ് സ്കൗട്ട്സിലും ഗൈഡ്സിലും പെട്ടവർക്ക് നിയമനക്കാര്യത്തിൽ മുൻഗണന നൽകുന്നതാണ്

[G.O.(M.S.) No. 122/75/G.Edn. തീയതി 27.05.1975 & G.O.(M.S.) No. 50/70/P.D. തീയതി 12.02.1970].

iii. ഗവൺമെന്റ് നഴ്സറി/ പ്രൈമറി സ്കൂളുകളിലെ നിശ്ചിത യോഗ്യതയുള്ള ബിരുദധാരികളായ അദ്ധ്യാപകർക്ക് ഉയർന്ന പ്രായപരിധിയിൽ ഇളവ് അനുവദിക്കുന്നതാണ്. അങ്ങനെയുള്ളവർ ബന്ധപ്പെട്ട അധികാരിയിൽ നിന്ന് ലഭിച്ച സർട്ടിഫിക്കറ്റുകൾ കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കേണ്ടതാണ് [G.O.(M.S.) No. 185/70/Edn. തീയതി 18.04.1970, G.O.(M.S.) No. 466/70/Edn. തീയതി 11.11.1970].

**<u>കുറിപ്പ്:</u>** മേൽപ്പറഞ്ഞ മുൻഗണനകൾക്കോ ഉയർന്ന പ്രായപരിധിയിലുള്ള ഇളവുകൾക്കോ, പൊതു വ്യവസ്ഥകളിൽ രണ്ടാം ഖണ്ഡികയിൽ പറയുന്ന ഏതെങ്കിലും കാരണങ്ങളാൽ ഉയർന്ന പ്രായപരിധിയിൽ നിന്ന് ഒഴിവാക്കപ്പെടുന്നതിനോ അർഹതയുള്ള ഉദ്യോഗാർത്ഥികൾ ആ വിവരം വൺ ടൈം രജിസ്ട്രേഷൻ പ്രൊഫൈലിലെ "വെയിറ്റേജ് ആന്റ് പ്രിഫറൻസസ്" ലിങ്ക് വഴി അവകാശപ്പെടേണ്ടതും, വിശദാംശങ്ങൾ അതിനായി നൽകിയിട്ടുള്ള സ്ഥലത്ത് രേഖപ്പെടുത്തേണ്ടതുമാണ്. ഉയർന്ന പ്രായപരിധിയിലുള്ള ഇളവുകൾക്ക് അർഹതയുള്ള ഉദ്യോഗാർത്ഥികൾ ആയത് അവകാശപ്പെടാത്ത പക്ഷം പ്രായപരിധി കഴിഞ്ഞു എന്ന കാരണത്താൽ അപേക്ഷ നിരസിക്കപ്പെടാൻ ഇടയുണ്ട്. യാതൊരു കാരണവശാലും ഉയർന്ന പ്രായപരിധി 50 വയസ്സ് കവിയാൻ പാടില്ലാത്തതാകുന്നു (പൊതുവ്യവസ്ഥകൾ ഖണ്ഡിക 2 കാണുക).

**9. അപേക്ഷ സമർപ്പിക്കേണ്ട രീതി:**

**a.** ഉദ്യോഗാർത്ഥികൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഔദ്യോഗിക വെബ് സൈറ്റായ www.keralapsc.gov.in വഴി 'ഒറ്റത്തവണ രജിസ്ട്രേഷൻ' പ്രകാരം രജിസ്റ്റർ ചെയ്ത ശേഷമാണ് അപേക്ഷിക്കേണ്ടത്. രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികൾ അവരുടെ User ID യും Password ഉം ഉപയോഗിച്ച് ലോഗിൻ ചെയ്ത ശേഷം സ്വന്തം പ്രൊഫൈലിലൂടെ അപേക്ഷിക്കേണ്ടതാണ്. ഓരോ തസ്തികയ്ക്ക് അപേക്ഷിക്കുമ്പോഴും പ്രസ്തുത തസ്തികയോടൊപ്പം കാണുന്ന Notification Link ലെ **'Apply Now'** ൽ മാത്രം click ചെയ്യേണ്ടതാണ്. **പുതുതായി പ്രൊഫൈൽ ആരംഭിക്കുന്ന ഉദ്യോഗാർത്ഥികൾ 6 മാസത്തിനുള്ളിൽ എടുത്ത ഫോട്ടോഗ്രാഫ് ആണ് പ്രൊഫൈലിൽ അപ് ലോഡ് ചെയ്യേണ്ടത്.** ഫോട്ടോയുടെ താഴെ ഉദ്യോഗാർത്ഥിയുടെ പേരും, ഫോട്ടോ എടുത്ത തീയതിയും വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം. നിശ്ചിത മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് അപ് ലോഡ് ചെയ്ത ഫോട്ടോയ്ക്ക്, ഫോട്ടോ എടുത്ത തീയതി മുതൽ 10 വർഷക്കാലത്തേയ്ക്ക് പ്രാബല്യമുണ്ടായിരിക്കും. ഫോട്ടോ സംബന്ധിച്ച മറ്റ് നിബന്ധനകൾക്കൊന്നും തന്നെ മാറ്റമില്ല. അപേക്ഷാഫീസ് നൽകേണ്ടതില്ല. Password രഹസ്യമായി സൂക്ഷിക്കേണ്ടതും, വ്യക്തിഗത വിവരങ്ങൾ ശരിയാണെന്ന് ഉറപ്പ് വരുത്തേണ്ടതും ഉദ്യോഗാർത്ഥിയുടെ ചുമതലയാണ്. ഓരോ തസ്തികയ്ക്ക് അപേക്ഷിക്കുന്നതിന് മുൻപും തന്റെ പ്രൊഫൈലിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന വിവരങ്ങൾ ശരിയാണെന്ന് ഉദ്യോഗാർത്ഥി ഉറപ്പുവരുത്തേണ്ടതാണ്. കമ്മീഷനുമായുള്ള എല്ലാ കത്തിടപാടുകളിലും User ID പ്രത്യേകം രേഖപ്പെടുത്തേണ്ടതാണ്. കമ്മീഷനു മുമ്പാകെ ഒരിക്കൽ സമർപ്പിച്ചിട്ടുള്ള അപേക്ഷ സോപാധികമായി സ്വീകരിക്കപ്പെടുന്നതാണ്. അപേക്ഷാ സമർപ്പണത്തിനു ശേഷം അപേക്ഷയിൽ മാറ്റം വരുത്തുവാനോ വിവരങ്ങൾ ഒഴിവാക്കുവാനോ കഴിയുകയില്ല. **ഭാവിയിലെ ഉപയോഗത്തിനായി ഉദ്യോഗാർത്ഥികൾ ഓൺലൈൻ അപേക്ഷയുടെ soft copy/ print out എടുത്ത് സൂക്ഷിക്കേണ്ടതാണ്. ഉദ്യോഗാർത്ഥികൾ അവരുടെ പ്രൊഫൈലിലെ 'My applications' എന്ന Link -ൽ click ചെയ്ത് അപേക്ഷയുടെ print out എടുക്കാവുന്നതാണ്. അപേക്ഷ സംബന്ധമായി കമ്മീഷനുമായി നടത്തുന്ന കത്തിടപാടുകളിൽ അപേക്ഷയുടെ print out കൂടി സമർപ്പിക്കേണ്ടതാണ്.** തെരഞ്ഞെടുപ്പ് പ്രക്രിയയുടെ ഏതവസരത്തിലായാലും സമർപ്പിക്കപ്പെട്ട അപേക്ഷകൾ വിജ്ഞാപന വ്യവസ്ഥകൾക്ക് വിരുദ്ധമായി കാണുന്ന പക്ഷം നിരുപാധികമായി നിരസിക്കുന്നതാണ്. വിദ്യാഭ്യാസ യോഗ്യത, ജാതി, വയസ്സ് മുതലായവ തെളിയിക്കുന്നതിനുള്ള അസ്സൽ പ്രമാണങ്ങൾ കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കിയാൽ മതിയാകും.

**b. ആധാർ കാർഡുള്ള ഉദ്യോഗാർത്ഥികൾ തങ്ങളുടെ പ്രൊഫൈലിൽ ആധാർ കാർഡ് തിരിച്ചറിയൽ രേഖയായി നൽകേണ്ടതാണ്.**

**10. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി: 14.01.2026 ബുധനാഴ്ച** രാത്രി 12 മണിവരെ.

**11. അപേക്ഷ സമർപ്പിക്കേണ്ട വെബ്സൈറ്റ്:** www.keralapsc.gov.in

**12.** ഈ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് എഴുത്ത്/ ഒ.എം.ആർ./ ഓൺലൈൻ പരീക്ഷ നടത്തുകയാണെങ്കിൽ പരീക്ഷ എഴുതുമെന്ന സ്ഥിരീകരണം (confirmation) അപേക്ഷകർ തങ്ങളുടെ ഒറ്റത്തവണ രജിസ്ട്രേഷൻ പ്രൊഫൈൽ വഴി നൽകേണ്ടതാണ്. അപ്രകാരം സ്ഥിരീകരണം നൽകുന്നവർക്ക് മാത്രം അഡ്മിഷൻ ടിക്കറ്റ് ജനറേറ്റ് ചെയ്ത് അത് ഡൗൺ ലോഡ് ചെയ്യുന്നതിനുള്ള സൗകര്യം പരീക്ഷാ തീയതി വരെയുള്ള അവസാനത്തെ 15 ദിവസങ്ങളിൽ ലഭ്യമാകുന്നതാണ്. നിശ്ചിത സമയത്തിനുള്ളിൽ സ്ഥിരീകരണം നൽകാത്ത ഉദ്യോഗാർത്ഥികളുടെ അപേക്ഷകൾ നിരുപാധികം നിരസിക്കപ്പെടുന്നതാണ്. സ്ഥിരീകരണം നൽകേണ്ടതായ കാലയളവു സംബന്ധിച്ച തീയതികളെക്കുറിച്ചും അഡ്മിഷൻ ടിക്കറ്റ് ലഭ്യമാകുന്ന തീയതി സംബന്ധിച്ചും ഉള്ള വിവരങ്ങൾ ബന്ധപ്പെട്ട പരീക്ഷ ഉൾപ്പെടുന്ന പരീക്ഷാ പ്രോഗ്രാമിൽ പ്രസിദ്ധപ്പെടുത്തുന്നതാണ്. ഇതു സംബന്ധിച്ച അറിയിപ്പ് ഉദ്യോഗാർത്ഥികളുടെ പ്രൊഫൈലിലും അതിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മൊബൈൽ നമ്പറിലും നൽകുന്നതാണ്. അഡ്മിഷൻ ടിക്കറ്റ് ഡൗൺലോഡ് ചെയ്ത ഉദ്യോഗാർത്ഥികൾക്ക് മാത്രമേ പരീക്ഷ എഴുതുന്നതിനുള്ള അനുവാദം ഉണ്ടായിരിക്കുകയുള്ളൂ.

13. **ഉദ്യോഗാർത്ഥികൾക്കുള്ള പ്രത്യേക നിർദ്ദേശങ്ങൾ :**

i. ഉദ്യോഗാർത്ഥി അപേക്ഷയിൽ അവകാശപ്പെട്ട ജാതി/ സമുദായം എസ്.എസ്.എൽ.സി. ബുക്കിൽ രേഖപ്പെടുത്തിയിരിക്കുന്നതിൽ നിന്ന് വ്യത്യസ്തമാണെങ്കിൽ നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റിനോടൊപ്പം ജാതി വ്യത്യാസം സംബന്ധിച്ച ഗസറ്റ് വിജ്ഞാപനം കൂടി പ്രമാണപരിശോധനാ സമയത്ത് ഹാജരാക്കേണ്ടതാണ്.

ii. ഉദ്യോഗാർത്ഥികൾ ഗസറ്റ് വിജ്ഞാപനത്തോടൊപ്പം ഭാഗം II ആയി ഉൾപ്പെടുത്തിയിട്ടുള്ള പൊതുവ്യവസ്ഥകൾ കൂടി വായിച്ച് മനസ്സിലാക്കിയതിനു ശേഷമായിരിക്കണം അപേക്ഷ സമർപ്പിക്കേണ്ടത്. പൊതു വ്യവസ്ഥകൾക്കു വിരുദ്ധമായി സമർപ്പിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്.

iii. വിദ്യാഭ്യാസം, പരിചയം തുടങ്ങി യോഗ്യത സംബന്ധിച്ച് തെറ്റായ അവകാശവാദം ഉന്നയിച്ച് അപേക്ഷ സമർപ്പിക്കുന്ന ഉദ്യോഗാർത്ഥികൾക്കെതിരെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ റൂൾസ് ഓഫ് പ്രൊസീജിയർ 1976, റൂൾ 22 പ്രകാരം ഏതൊരു ജോലിയ്ക്ക് അവർ അപേക്ഷിക്കുന്നുവോ അതിലേയ്ക്ക് പരിഗണിയ്ക്കപ്പെടുന്നതിന് അയോഗ്യരാക്കുകയോ, സ്ഥിരമായോ ഒരു നിശ്ചിത കാലത്തേയ്ക്കോ കേരള പബ്ലിക് സർവ്വീസ് കമ്മീഷന് അപേക്ഷകൾ അയയ്ക്കുന്നതിൽ നിന്ന് നിരോധിക്കുകയോ, അവർ പങ്കെടുക്കുന്ന പ്രായോഗിക പരീക്ഷയിൽ നിർമ്മിക്കുന്ന സാധനങ്ങളോ, എഴുത്ത് പരീക്ഷയിലെ ഉത്തര കടലാസുകളോ അസാധുവാക്കുകയോ, അവരുടെ മേൽ നിയമ നടപടികൾ എടുക്കുകയോ, അവർ ഏതെങ്കിലും ജോലിയിൽ നിയമിക്കപ്പെട്ട് കഴിഞ്ഞുവെങ്കിൽ ആ ജോലിയിൽ നിന്ന് അവരെ നീക്കം ചെയ്യുകയോ, ഡിസ്മിസ്സ് ചെയ്യുകയോ, അനുയോജ്യമായ മറ്റ് അച്ചടക്ക നടപടികൾ/ നിയമ നടപടികൾ അവർക്കെതിരെ സ്വീകരിക്കുകയോ, മേൽപ്പറഞ്ഞവയിൽ ഒന്നോ അതിലധികമോ നടപടികൾ അവർക്കെതിരെ കൈക്കൊള്ളുകയോ ചെയ്യുന്നതാണ്".

(ഫോട്ടോ, തിരിച്ചറിയൽ രേഖ എന്നിവയുൾപ്പെടെയുള്ള കൂടുതൽ വിവരങ്ങൾക്ക് വിജ്ഞാപനത്തിലെ പാർട്ട് II ൽ നൽകിയിരിക്കുന്ന പൊതുവ്യവസ്ഥകൾ കൂടി കാണുക.)

സാജു ജോർജ്ജ്
സെക്രട്ടറി
കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ